Malappuram District Police

## 28/01/2018 മഞ്ചേരി

വള്ളുവമ്പ്രം സ്വദേശിയെ തട്ടിക്കൊണ്ടുപോയി 14 ലക്ഷം രൂപ കവർന്നെന്ന കേസിൽ നാലു പേർകൂടി പിടിയിൽ. തൃശൂർ കൊടകര പെരിങ്ങല സുനിൽ (പല്ലൻ സുനിൽ-40), ചാലക്കുടി നായരങ്ങാടി ചിറ്റേത്ത് ലതീഷ് (35), വള്ളുവമ്പ്രം പീടികപറമ്പൻ ബഷീർ (30), വള്ളുവമ്പ്രം പോത്തക്കോടൻ ഷെഫീഖ് (30) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. 2016 ഡിസംബർ 27ന് ആണ് സംഭവം. വള്ളുവമ്പ്രം നൂറേൻമൂച്ചി ബഷീറിനെയാണ് തട്ടിക്കൊണ്ടുപോയത്.

പണവുമായി ബൈക്കിൽ പോകുമ്പോൾ എത്തിയ സംഘം ബഷീറിനെ അടിച്ചുവീഴ്ത്തി വാനിൽ കയറ്റിക്കൊണ്ടുപോയി പണം കവർന്ന് വഴിയിൽ ഉപേക്ഷിച്ചു. വള്ളുവമ്പ്രം സ്വദേശികളായ കോടാലി ലത്തീഫ്, തോരപ്പ നൗഷാദ്, തൃശൂർ വെട്ടുകാട് ജിനേഷ്, ദീപു, സുനേഷ്, സതീഷ്, അനൂപ്, രമേശ്, രതീഷ്, രാജേഷ്, സുനീഷ്, അരീക്കോട് അക്ഷയ്, വടക്കാഞ്ചേരി ജിയാസ് എന്നിവർ നേരത്തേ പിടിയിലായിരുന്നു. നൗഷാദാണ് പണവുമായി പോകുന്ന വിവരം ക്വട്ടേഷൻ സംഘത്തിനു കൈമാറുന്നത്. പെരുമ്പാവൂർ, തൃശൂർ ഈസ്റ്റ്, ഇരിങ്ങാലക്കുട, ഷൊർണൂർ സ്റ്റേഷനുകളിൽ സുനിലിനെതിരെ കേസുണ്ട്. ലത്തീഫാണ് വാഹനവും മറ്റും നൽകുന്നത്. മഞ്ചേരി എസ്ഐയെ വാഹനം ഇടിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചതുൾപ്പെടെയുള്ള സംഭവത്തിൽ ബഷീറിനെതിരെ മൂന്നു കേസുകളുണ്ട്. പ്രതികളെ റിമാൻഡ് ചെയ്തു.

സിഐ എൻ.ബി.ഷൈജു, എസ്ഐ ഫക്രുദ്ദീൻ, സത്യനാഥൻ, അബ്ദുൽ അസീസ്, സത്യനാഥൻ, ഉണ്ണിക്കൃഷ്ണൻ മാരാത്ത്, ശശി കുണ്ടറക്കാട്, പി.സഞ്ജീവ്, സുബൈർ, സജയൻ എന്നിവരുൾപ്പെട്ട പൊലീസ് സംഘമാണ് പ്രതികളെ പിടികൂടിയത്.